കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്-നഗരകാര്യം-കൊച്ചി നഗരസഭയിൽ വെൽഡറായിരുന്ന ശ്രീ.പി. പുഷ്പാകരന് ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1572/2016/തസ്വഭവ. തീയതി:30/04/2016., തിരുവനന്തപുരം.

പരാമർശം : 1) ശ്രീ.പി .പുഷ്പാകരന്റെ 04.6.2015 ലെ ശൂന്യവേതനാവധിക്കുള്ള അപേക്ഷ.
2.) നഗരകാര്യ ഡയറക്ടറുടെ 19.12.2015 ലെ ഇ 4-4514/12 നം.കത്ത്.

## ഉത്തരവ്

കൊച്ചി നഗരസഭയിൽ വെൽഡർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീ.പി.പുഷ്പാകരന് ഓഫീസിൽ വച്ചുണ്ടായ ശാരീരിക ബുദ്ധിമുട്ട് മൂലം അവധിയിൽ പ്രവേശിക്കുകയുണ്ടായെന്നും ടിയാൻ റിട്ടയർ ചെയ്യുന്ന തീയതിയായ 31.05.2015 വരെ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ 10.9.2011 മുതൽ 31.05.2015 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള ടിയാന്റെ പരാമർശത്തിലെ അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും പരാമർശം(2) പ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീ.പി.പുഷ്പാകരന് 10.09.2011 മുതൽ 31.05.2015 വരെ,കെ.എസ്.ആർ ഭാഗം-1 ചട്ടം 88 പ്രകാരം ടി കാലയളവ് ആർജ്ജിത അവധിക്ക് കണക്കാക്കുന്നതല്ല എന്ന 'വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

ബിനുകുമാർ.
അണ്ടർ സെക്രട്ടറി

നഗര കാര്യ ഡയറക്ടർ ,തിരുവനന്തപുരം .
സെക്രട്ടറി ,കൊച്ചി കോർപ്പറേഷൻ.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
ശ്രീ.പി.പുഷ്പാകരൻ(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.